കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ക്ലാപ്പന ഗ്രാമപഞ്ചായത്ത്

# 2017-2018

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

**e-mail:-doklm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ /കെ.എൽ.എം പി 8- 1485/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി. 4-10-2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ക്ലാപ്പന ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ക്ലാപ്പന ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന

ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ /കെ.എൽ.എം പി 8- 1485/1 8 തീയതി: 4-10-2018

## കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേല ുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 2-7-17 മുതൽ 18-7-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകള്എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സജി. കെ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.07.2018 മുതൽ 01.08.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബിജി വർഗ്ഗീസ് | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീമതി.പ്രീത,എസ്.എസ് | ഓഡിറ്റ്ഓഫീസർ |
| | ശ്രീ.ലാലു ആർ | അസി.ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി. ജമീലബീവി | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എസ്.എം ഇക്ബാൽ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ജി.രാധാകൃഷ്ണന് | 01.04.2017 മുതൽ 23.06.2017 വരെ |
| | ശ്രീമതി താര ആർ (സെക്രട്ടറി ഇൻ ചാർജ്) | 24.06.2017 മുതൽ 26.06.2017 വരെ |
| | സുശീന്ദ്രൻ കെ സെക്രട്ടറി. | 27.06.2017 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ആശാ ശങ്കർ | 01.04.2017 മുതൽ 31.03.2018വരെ |
| ഹെഡ് മിസ്ട്രെസ് | മല്ലികദേവി | 01.04.2017മുതൽ 31.03.2018വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി ക്ലാപ്പന | ഡോ.ബുഷ്റ.ടി | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഷെരീഫ് അഹമ്മദ് | 01.04.2017മുതൽ 14.08.2017 വരെ |
| | ഡോ.ജയലത.പി.ആർ | 15.08.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെസറി,ക്ലാപ്പന | ഡോ.നാൻസി കരീം | 01.04.2017മുതൽ 31.03.2018വരെ |
| വെറ്റിനറിസർജൻ,ക്ലാപ്പന | ഡോ.ജിൻസി ജോർജ് | 01.04.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ എ സർക്കിൾ | പ്രേം കുമാർ | 01.04.2017മുതൽ 31.03.2018വരെ |
| എൽ.വി.ഒ ഗ്രേഡ്2 | വീണ | 01.04.2017മുതൽ 31.03.2018വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | റീന തോംസൺ | 01.04.2017 മുതൽ 20.04.2017 വരെ |
| | ശ്രീമതി ലില്ലികുട്ടി | 21.04.2017 മുതൽ 31.03.2018 വരെ |
| അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ഷെരീഫ്.ടി.എം | 01.04.2017 മുതൽ 24.07.2017 വരെ 26.09.2017 മുതൽ 30.10.2017 (FN) വരെ |
| | ജിജി | 25.07.2017 മുതൽ |

| | | |
|---|---|---|
| | | 25.09.2017 വരെ |
| | നികിത | 30.10.2017 (AN) മുതൽ 21.12.2017 വരെ |
| | മുഹമ്മദ് ഷെഫീക്ക് | 22.12.2017 മുതൽ 28.02.2018 വരെ |
| | സലില എസ്. | 01.03.2018 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | താര ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | പത്മജദേവി.ആർ . | 1.04.2017 മുതൽ 31.03.2018 വരെ |

# ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | പദ്ധതി നിർവ്വഹണം സമയബന്ധിതമായ നടപ്പിലാക്കുന്നില്ല . ലോകബാങ്ക് സഹായം (കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ )ഉൾപ്പെടെ ആകെ അലോട്ട്മെന്റിന്റെ 33% തുക നഷ്ടമായി. | 2-1 |
| 14 | തൊഴിൽനികുതി-അപാകതകൾ | 2-2 |
| 15 | കെട്ടിട നമ്പരിംഗ് : നിരസിക്കപ്പെട്ട അപേക്ഷയിൻമേൽ ഉചിതമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 2-3 |
| 16 | ട്രേഡേഴ്സ് ലിസ്റ്റ്-പരിപാലിക്കുന്നില്ല. | 2-4 |

| | | |
|---|---|---|
| 17 | പെർമിറ്റ് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല. | 2-5 |
| 18 | ഇ- ടെൻഡറിംഗ് - ടെൻഡർഫോം വില തിരികെ ഈടാക്കിയിട്ടില്ല | 2-6 |
| | ഭാഗം 3 | |
| 19 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്- പ്രതിവർഷം 3,40,272/- രൂപ നഷ്ടപ്പെടുന്നു | 3-1 |
| 20 | കുടിവെള്ള ടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല | 3-2 |
| 21 | പോസ്റ്റ് ഷിഫ്റ്റിംഗ്-ചെലവ് തുക 7591/- രൂപ തടസ്സപ്പെടുത്തുന്നു . | 3-3 |
| 22 | അനധികൃത കൈയ്യേറ്റം | 3-4 |
| 23 | പ്ലാവ് ഗ്രാമം (വനിത) പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-5 |
| 24 | തെരുവ് വിളക്കുകളുടെ പരിപാലനം - നിർദ്ദിഷ്ട മാതൃകയിലുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. | 3-6 |
| 25 | വിനിയോഗ രേഖകൾ ഹാജരാക്കിയില്ല ₹ 596828/- തടസ്സപ്പെടുത്തുന്നു | 3-7 |
| 26 | സെർവർ റൂം , എ.സി പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 |
| 27 | എ.ഇ, വി ഇഒ ഓഫീസ്, കോൺഫറൻസ് ഹാൾ പുനരുദ്ധാരണം അപാകതകൾ | 3-9 |
| 28 | പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്തതും, മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതുമായ പദ്ധതികൾ നടപ്പിലാക്കി. | 3-10 |
| 29 | മെഡിക്കൽ ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായ മരുന്നുവാങ്ങൽ പദ്ധതി-മരുന്നുകൾ ലഭ്യമല്ല. | 3-11 |
| | ഭാഗം 4 | |
| 30 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് | 4-1 |

| | | |
|---|---|---|
| | വിനിയോഗം | |
| 31 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപം | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 40 | അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം | 4-11 |


## ഭാഗം -1

## പൊതു അവലോകനം

പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26.03.2018 തീയതിയിലെ 1 -ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 07.06.2018 | ------- | ------------ |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.6.18- 21.6.18 | കെ.എസ്.എ.കെ.എൽ.എം.P8/1281/18, |

| | | |
|---|---|---|
| | | 1-10-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16456926 |
| വരവ് | 48459431 |
| ആകെ | 64916357 |
| ചെലവ് | 48273067 |
| നീക്കിയിരിപ്പ് | 16643290 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 1,33,59,457 | 1,33,59,457 | 1,33,59,457 | 0 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 19,80,600 | 19,80,600 | 19,80,600 | 0 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 28,75,288 | 28,75,288 | 28,75,288 | 0 |
| മെയിന്റനൻസ്, നോൺ- റോഡ് (ACR പ്രകാരം) | 0 | 8,84,366 | 8,84,366 | 8,84,366 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 43,67,645 | 43,67,645 | 43,67,645 | 0 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | 0 | 16,84,130 | 16,84,130 | 16,84,130 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 11,369 | 221 | 11,590 | 590 | 11,000 |
| ദുരിതാശ്വാസനിധി | | 10,588 | 0 | 10,588 | 30 | 10,558 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 1,23,77,528 | 1,23,77,528 | 1,23,77,528 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8573 | 759321 | 767894 | 758523 | 9371 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ (1)സമ്പൂർണ്ണ ശുചിത്വം | | 5,74,404 | 21,396 | 5,95,800 | 0 | 5,95,800 |
| അംഗൻവാടി പോഷകാഹാരം | | 6,06,125 | 9,10,751 | 15,16,876 | 5,49,998 | 9,66,878 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ അംഗൻവാടി കെട്ടിടം | | | 17,40,000 | 17,40,000 | **0** | 17,40,000 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 6,52,282 | 11,55,000 | 18,07,282 | 11,55,000 | 6,52,282 |
| | ജില്ലാ പഞ്ചായത്ത് | 0 | 12,90,000 | 12,90,000 | 4,90,000 | 8,00,000 |
| ബി ഫണ്ട് | | 0 | 3,66,54,360 | 3,66,54,360 | 3,66,54,360 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1,42,09,788 | 1,60,15,665 | 3,02,25,453 | 2,00,16,034 | 1,02,09,419 |
| | ട്രഷറി അക്കൗണ്ട് | 15,49,354 | 42,103+ 76,99,000 (ജനറൽ പർപസ് ഫണ്ട്)= 77,41,103 | 92,90,457 | 45,10,511 | 47,79,946 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക ്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
| 145 | 6,11,71,998 | 85 | 3,22,15,289 | 54 | 6 | 59 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ(90/2018)

2)വരവിള എൽ.പി.എസ് കമ്പ്യൂട്ടറൈസേഷൻ &വയറിംഗ് (25/2018)

3)കൃഷി ഓഫീസ് വൈദ്യുതീകരണം (24/2018)

4) കൊച്ചുപറമ്പിൽ കുന്നിക്കുളം റോഡ് മെറ്റലിംഗ്(131/2018)

5 ഫലവൃക്ഷസുഗന്ധവിള കൃഷി വികസനം(129/2018)

6 ബഡ്സ് സ്കൂൾ പ്രവർത്തനം (108/2018)

പദ്ധതി ആസൂത്രണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യമാത്ര പ്രസക്തമായ ഇടപെടൽ നടത്തുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം പേർന്ന് പദ്ധതി നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വഴി ഭരണസമിതിക്ക് സമർപ്പിക്കുന്നില്ല.നടപ്പിലാക്കപ്പെട്ട പദ്ധതികളിൽ ഒട്ടുമിക്കവയും തന്നെ മോണിറ്ററിംഗിന് വിധേയമായിട്ടില്ല. പശ്ചാത്തല മേഖലയിൽ ആകെ 35% മാത്രമാണ് പദ്ധതി ചെലവ് എന്നത് പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് സംവിധാനത്തിലെ പോരായ്മ ചൂണ്ടികാണിക്കുന്നു. വിഭവസമാഹരണം നടത്തി പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ലയെന്നതും പദ്ധതികൾ ഉപേക്ഷിക്കാൻ കാരണമാകുന്നുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8,573 | 7,59,321 | 7,67,894 | 7,58,523 | 9,371 |
| ഗുണ ഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 1,23,77,528 | 1,23,77,528 | 1,23,77,528 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 95,160 | 207 |
| കർഷകതൊഴിലാളി | 37,35,000 | 353 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാ പെൻഷൻ | 1,07,20,000 | 915 |
| വാർദ്ധക്യകാല പെൻഷൻ | 1,71,56,600 | 1382 |
| വികലാംഗ പെൻഷൻ | 41,03,700 | 352 |
| 50 വയസു കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 8,43,900 | 74 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-07-18 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32,310/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ഓഫീസ് ഉത്തരവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർ അവരവരുടെ കർത്തവ്യങ്ങൾ നിർവഹിക്കുന്നുണ്ടെങ്കിലും രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ്, ശമ്പളത്തിനോ വേതനത്തിനോ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങളടങ്ങുന്ന സ്ഥാപനരജിസ്റ്റർ, തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച രജിസ്റ്റർ, പൊതുടാപ്പുകളുടെ വിവരങ്ങളടങ്ങുന്ന രജിസ്റ്റർ, ബജറ്റ് ഫയൽ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും അപൂർണമാണ്. യഥാസമയം പോസ്റ്റിംഗ് വരുത്തുന്നില്ല. അനധികൃതനിർമ്മാണ കെട്ടിടങ്ങൾക്ക് യു.എ.നമ്പർ നൽകി നികുതി ഈടാക്കുന്നില്ല.വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്യുന്നുണ്ട്. ചെലവുകൾ അധികാരപ്പെടുത്തിയാണ് വൗച്ചറുകൾ സൂക്ഷിക്കുന്നത്. സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന രസീതുകൾ നിർബന്ധമായും ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ക്യാൻസൽ ചെയ്യുന്ന രസീതുകളിൽ മേലധികാരിയുടെ സാക്ഷ്യപ്പെടുത്തൽ ഉണ്ടായിരിക്കേണ്ടതാണ്.വർക്കിംഗ് ഗ്രൂപ്പ്,സ്റ്റാന്റിംഗ് കമ്മിറ്റി,പഞ്ചായത്ത് കമ്മിറ്റി എന്നീ യോഗങ്ങളുടെ മിനിട്ട്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.02.2018 | 2018 ജനുവരി | ലഭിച്ചിട്ടില്ല |
| | | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.02.2013 മുതൽ 15.03.2013 വരെ | 2007-08 മുതൽ 2011-12 | 20.04.2013 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. MGNREGS (A/c.No. 67062635238)-ൽ 406175/11.9.2017 ചെക്ക് പ്രകാരമുള്ള 750/-രൂപ Uncashed ആയി നിലനിൽക്കുന്നു. (Voucher No. 21700357/11.09.2017) കാലാവധി കഴിഞ്ഞ ചെക്കുകൾ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 46 പ്രകാരം Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് (ഷെഡ്യൂൾ 1-6) മാറ്റിയിട്ടുണ്ട്.
2. B-9 Schedule Pension contribution payable head പ്രകാരം തുക 76141/-രൂപയാണ് ബാധ്യത. ടി തുകയിൽ മുൻവർഷങ്ങളിൽ നിന്നും carry over ചെയ്തുവരുന്ന 19714/-രൂപ ഉൾപ്പെടുന്നു (Leadger പരിശോധനയിൽ വ്യക്തമായത്) .
3. സ്ഥിര ആസ്തികളുടെ നിർമ്മാണത്തിനായി ഉപയോഗിച്ച Own fund-ന്റെ കൃത്യത പൊരുത്തപ്പെടുത്തിയിട്ടില്ല. Capital asset-ന് Plan fund-ൽ നിന്നും ചെലവഴിച്ചത് 72,95,039/-രൂപ സൃഷ്ടിച്ച ആസ്തി 1,21,17,556/-രൂപ.
4. Beneficiary contribution ഇനത്തിൽ B/s Schedule B-4-ൽ 2014-15 മുതൽ നിലനിൽക്കുന്ന 704/-രൂപ ക്രമീകരിച്ചിട്ടില്ല.
5. B/s (B-4 Schedule) കേരളോൽസവം ഗ്രാന്റ് ഇനത്തിൽ 14-15 മുതൽ നീക്കിയിരിപ്പുള്ള 5065/-രൂപ ക്രമീകരിച്ചിട്ടില്ല.
6. പ്രോപ്പർട്ടി ടാക്സ്-റെസിഡൻസ്, നോൺ റസിഡൻസ് ബിൽഡിംഗ് അരിയർ ഡിമാന്റ് സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരം 11,85,890/-,രൂപ നിലനിൽക്കുമ്പോൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം അരിയർ ഡിമാന്റ് 9,15,499/-രൂപയാണ്. ഡിമാന്റ് തുകയിൽ വ്യത്യാസം വന്ന 270393/-രൂപ Prior period income – Property tax on Residential Building (1-18) adjtst ചെയ്തതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല
7. Property Tax Residential and Non Residential സാംഖ്യ പ്രകാരമുള്ള കളക്ഷനും, സഞ്ചയ പ്രകാരമുള്ള കളക്ഷനും വ്യത്യാസപ്പെട്ടിരിക്കുന്നു. ബുക്ക് അഡ്ജസ്റ്റ്മെന്റ് തുകകളുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

| സാംഖ്യ | | സഞ്ചയ | |
|---|---|---|---|
| ഡിമാന്റ് | 52,17,521/- | ഡിമാന്റ് | 52,17,521/- |
| കളക്ഷൻ | 39,92,905/- | കളക്ഷൻ | 39,02,824/- |
| ബുക്ക് അഡ്ജസ്റ്റ്മെന്റ് കഴികെ ബാലൻസ് | | | 12,40,087/- |

8. നികുതി വരുമാനം പിരിഞ്ഞുകിട്ടാനുള്ള സാഹചര്യത്തിൽ കിട്ടാക്കടം എഴുതി തള്ളുന്നതിനായി Provision & Write off രേഖപ്പെടുത്തി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4) എച്ച്)
(I &E Schedule 1-6)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പദ്ധതി നിർവ്വഹണം സമയബന്ധിതമായ നടപ്പിലാക്കുന്നില്ല . ലോകബാങ്ക് സഹായം (കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ )ഉൾപ്പെടെ ആകെ അലോട്ട്മെന്റിന്റെ 33% തുക നഷ്ടമായി.

സാമ്പത്തിക വർഷം സർക്കാരിൽ നിന്നും പദ്ധതിപ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്ന വിവിധ ഫണ്ടുകളുടെ ലഭ്യതയിൽ പഞ്ചായത്ത് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ, കുറവുവന്നു. ലോകബാങ്ക് സഹായം (കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ) ഉൾപ്പെടെ ആകെ 33,75,442/- ലഭ്യമായതിൽ 16,84,130/-രൂപ മാത്രമാണ് പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചത്. ഈയിനത്തിൽ 16,91,312/- രൂപ നഷ്ടമായി. വിവിധ ഫണ്ടുകൾ (നഷ്ടം) സഞ്ചിതനിധിയിലേക്ക് തിരികെ പോയ തുക ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ട്. (ഇനം) | സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക / ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 1,37,13,000 | 1,33,59,457 | 97% | 3,53,543 |
| വികസനഫണ്ട് (എസ്.സി.പി) | 33,56,000 | 19,80,600 | 59% | 13,75,400 |
| ധനകാര്യ കമ്മിഷൻ | 77,08,070 | 43,67,645 | 57% | 33,40,425 |
| ലോകബാങ്ക് സഹായം (കേന്ദ്രവിഹിതം) | 25,20,692 | 16,84,130 | 67% | 8,36,562 |
| സംസ്ഥാന വിഹിതം | 8,54,750 | ഇല്ല | | 8,54,750 |
| മെയിന്റനൻനസ് ഫണ്ട് (റോഡ്) | 60,86,000 | 28,75,288 | 47% | 32,10,712 |
| മെയിന്റനൻനസ് ഫണ്ട് | 33,19,000 | 8,84,366 | 27% | 24,34,634 |

| | | | | |
|---|---|---|---|---|
| (നോൺ റോഡ്) | | | | |
| ആകെ | 3,75,57,512 | 2,51,51,486 | 66% | 1,24,06,626 /(33% |

ഗ്രാമപഞ്ചായത്തിന്റെ വികസന ,ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ കൈവരിച്ച നേട്ടത്തിന്റെ വിശകലനം ഇതോടൊപ്പം ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥന്റെ വിവരം | ഏറ്റെടുത്ത പ്രോജക്ട്ടുകൾ | നടപ്പാക്കിയ പ്രോജക്ട്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 37 | 25 | 54,76,369 | 38,03,196 | 69% |
| അസി. സെക്രട്ടറി | 4 | 4 | 9,11,500 | 6,22,000 | 68% |
| അസി. എഞ്ചിനീയർ | 60 | 28 | 3,66,70,541 | 1,28,52,947 | 35% |
| കൃഷി ഓഫീസർ | 6 | 6 | 29,36,925 | 26,46,865 | 90% |
| വെറ്റിനറി സർജൻ | 7 | 6 | 28,09,000 | 19,74,500 | 70% |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 7 | 7 | 12,99,975 | 12,99,595 | 99.97% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 7,54,000 | 7,54,000 | 100% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 12,00,000 | 12,00,000 | 100% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 36,81,698 | 36,77,036 | 99.87% |
| വി.ഇ.ഒ1 | 3 | 3 | 17,30,000 | 13,00,000 | 75% |
| വി.ഇ.ഒ2 | 5 | 5 | 28,12,100 | 11,95,260 | 42% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 3,00,000 | 3,00,000 | 100% |
| ഹെഡ് മാസ്റ്റർ (ഗവ.എൽ.പി.സ്കൂൾ) | 5 | 5 | 5,89,890 | 5,89,890 | 100% |
| ആകെ | 145 | 100 | 6,11,71,998 | 3,22,15,289 | 53% |

പശ്ചാത്തലമേഖലയിൽ പദ്ധതി നിർവ്വഹണം വളരെ കുറവാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയമാണ്. അസി.എഞ്ചിനീയർ നടപ്പിലാക്കിയ 28 പ്രവർത്തികളിൽ 22 എണ്ണം തുടർ പദ്ധതികളാണ്. വിഭവസമാഹരണം വകയിരുത്തി മാത്രം പ്രോജക്ട്ടുകൾ നടപ്പിലാക്കാൻ ഭരണസമിതിയുടെ ശ്രദ്ധ

ക്ഷണിക്കുന്നു.

## 2-2 തൊഴിൽനികുതി-അപാകതകൾ

ഗ്രാമപഞ്ചായത്തുപ്രദേശത്തെ ഗാർഹികേതര കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റേയും വിവരങ്ങൾ നൽകാൻ ഭൂമിയുടെയും കെട്ടിടത്തിന്റെയും ഉടമസ്ഥരോട് ആവശ്യപ്പെടുകയോ ഓഫീസ് ഉത്തരവുപ്രകാരം വിവരശേഖരണത്തിനായി സ്റ്റാഫിനെ നിയോഗിക്കുകയോ വർഷത്തിൽ ഒരു നിശ്ചിതസമയത്ത് മേൽ വിവരം നോട്ടിസ് നൽകി സ്വീകരിക്കുന്നതിന് ചുമതലയുള്ള സ്ഥിരം സംവിധാനമോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി നിർണയിച്ച് ആവശ്യപ്പെടുന്നതിന് സ്ഥാപനരജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതിനാൽ തൊഴിൽനികുതി ഈടാക്കുന്നതിന്റെ കൃത്യത വ്യക്തമല്ല. കളക്ഷൻതന്നെ ഡിമാന്റായി കണക്കാക്കുന്ന രീതിയാണ് പഞ്ചായത്ത് സ്വീകരിച്ചുവരുന്നത്. ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ 303-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ.എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയോ സ്ഥാപന തൊഴിൽ നികുതിയോ നാളിതുവരെ ഗ്രാമപഞ്ചായത്ത് ഡിമാന്റ് ചെയ്തിട്ടില്ല എന്നത് സ്ഥാപനരജിസ്റ്റർ പരിപാലിക്കാത്തതിന് വ്യക്തമായ ഉദാഹരണമാണ്. കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 (ബി ) പ്രകാരം പഞ്ചായത്തുപ്രദേശത്തെ ഗാർഹികേതരകെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി നിർണയിച്ച് ആവശ്യപ്പെടുന്നതിന് സ്ഥാപനരജിസ്റ്റർ പരിപാലിക്കേണ്ടതും കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 (സി )യിൽ പറയുന്ന നോട്ടീസ്നൽകി വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

തൊഴിൽനികുതി ഒടുക്കാത്ത ഏതാനും സ്ഥാപനങ്ങൾ ഉദാഹരണമായി ചുവടെ കൊടുക്കുന്നു.

1.ബി.എസ്.എൻ.എൽ,വള്ളിക്കാവ് ടി സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2.തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2017-2018 രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഇലക്ട്രിക്കൽ സെക്ഷൻ,<br>ക്ലാപ്പന |
| 2 | ബി.എസ്.എൻ.എൽ,<br>വള്ളിക്കാവ് |
| 3 | ഷൺമുഖ നഴ്സിംഗ് ഹോം,<br>വരവിള |
| 4 | ക്ലാപ്പന നോർത്ത്<br>സി.വി.സി.എസ്.<br>ലിമിറ്റഡ് നം.431 |

3) ചുവടെ കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്ന് സ്ലാബ് പരിധിയനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേരും തസ്തികയും | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടി യിരുന്ന നികുതി | ഈടാക്കിയ നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 1 | അമൃത വിശ്വവിദ്യാലയം | സനലാൽ, ബോട്ട് ഡ്രൈവർ | 96000 (രണ്ട-ാം അർദ്ധവർഷം) | 750 | 600 | 150 |
| 2 | കണ്ണാട്ട് ഫിനാൻസ്, ആലുംപീടിക | ശ്രീ.എസ്.കൃഷ്ണപിള്ള, ബ്രാഞ്ച് ഹെഡ് | 48000 | 450 | 180 | 270 |
| | | ശ്രീമതി.ലത.എസ്, ക്ലാർക്ക് | 45000 | 450 | 180 | 270 |
| ആകെ | | | | | | 690 |

4)എക്സ് -സർവീസ് കാരെ തൊഴിൽനികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. എന്നാൽ ക്ലാപ്പന പോസ്റ്റോഫീസിലെ പി.എ, ശ്രീ.അനിൽ കുമാർ എക്സ് -സർവീസ് ആയതിനാൽ ടിയാളെ തൊഴിൽനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ടിയാനിൽ നിന്നും രണ്ടു അർദ്ധവർഷത്തേയും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) ആദിനാട് ശക്തികുളങ്ങര ദേവസ്വത്തിലെ സബ്ഗ്രൂപ്പ് ഓഫീസർ ശ്രീ.ആർ .രാജേഷിന്റെ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
6)2017-2018 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-3 കെട്ടിട നമ്പരിംഗ് : നിരസിക്കപ്പെട്ട അപേക്ഷയിൻമേൽ ഉചിതമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

കേരള പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 235 എ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ ടി കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ ഒടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്. 2011-ലെ കേരള പഞ്ചായത്തീരാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അത് നിയമാനുസൃതമല്ലെന്ന് സൂചിപ്പിക്കുന്ന 'യു.എ.' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്നും ചേർത്ത് കെട്ടിട നമ്പർ നൽകേണ്ടതാണ്. ഇപ്രകാരം കെട്ടിട നമ്പർ നൽകുന്നത് 235 എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. 2017-2018 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ കെട്ടിട നമ്പറിംഗിനായി 250 അപേക്ഷകൾ ലഭിച്ചതിൽ 5 അപേക്ഷകൾ നിരസിച്ചു. എന്നാൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നൽകുന്ന 'യു.എ.' നമ്പർ നൽകുകയോ ചട്ടപ്രകാരം ഈടാക്കേണ്ട വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

നിരസിക്കപ്പെട്ട അപേക്ഷകളുടെ പട്ടിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേരും മേൽവിലാസവും, | അപേക്ഷ നമ്പരും, തീയതിയും | കെട്ടിടത്തിന്റെ തരവും, വിസ്തീർണ്ണവും (ച.മീറ്റർ) | അപേക്ഷ നിരസിക്കപ്പെട്ടതിന്റെ കാരണം |
|---|---|---|---|---|
| 1. | സുശീലാ തമ്പാൻ<br>കോട്ടൂർ പടിഞ്ഞാറേ തറയിൽ<br>വരവിള | C8-3932/17, തീയതി.05.07.17 | പാർപ്പിടം, 65.2ച.മീ. | പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(b)യുടെ ലംഘനം |
| 2. | ഷിജു/ അജിത<br>വയലിൽ പുത്തൻവീട്<br>ക്ലാപ്പന സൗത്ത്<br>ക്ലാപ്പന.പി.ഒ | C8-5476/17, തീയതി.27.10.17 | 76.5ച.മീ. ഗോഡൗൺ | നിലം |
| 3. | അബ്ദുൾസത്താർ / ഹസീന<br>പണിക്കരേത്ത് കിഴക്കതിൽ<br>പ്രയാർതെക്ക്<br>ആലുംപീടിക.പി..ഒ | C8-5219/17 തീയതി.07.10.17 | 32.5ച.മീ. വാസഗൃഹം | നിലം |
| 4. | ശശികുമാർ, വയലിശ്ശേരിൽ, പ്രയാർ തെക്ക്, ആലുംപീടിക പി.ഒ. | C8-5107/17 തീയതി.28.09.17 | പാർപ്പിടം, | നിലം |
| 5. | ബിജു, മരയ്ക്കാശ്ശേരിൽ, പ്രയാർസൗത്ത്, ആലുംപീടിക | C8-4085/17 തീയതി.15.07.17 | പാർപ്പിടം, 20.02 ച.മീ. | നിലം |

അപേക്ഷ നിരസിക്കപ്പെടുന്ന കെട്ടിടങ്ങളെ യു.എ. രജിസ്റ്ററിൽ ചേർത്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ട്രേഡേഴ്സ് ലിസ്റ്റ്-പരിപാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുപരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് , തൊഴിൽ നികുതി എന്നിവ കൃത്യമായി അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി റിട്ടേൺ ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.ഡി&ഒ രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വാർഡിലെയും കളക്ഷൻ തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയത് പ്രകാരം വ്യാപാരികളിൽ നിന്ന് റിട്ടേൺ ആവശ്യപ്പെടേണ്ടതും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. (2016 – 17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.2 കൂടി കാണുക.)

## 2-5 പെർമിറ്റ് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല.

2017-18 സാമ്പത്തിക വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിൽ പോസ്റ്റിംഗ് വരുത്താതെയും പെർമിറ്റ് എടുത്ത എല്ലാ അപേക്ഷകളുടെയും വിവരങ്ങൾ രേഖപ്പെടുത്താതെ അപൂർണമായാണ് സൂക്ഷിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നടത്തിയപ്പോൾ സാങ്കേതം സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുത്ത് വിവരങ്ങൾ ലഭ്യമാക്കി. എന്നാൽ സോഫ്റ്റ് വെയർ പ്രിന്റിലെ ലഭ്യമാക്കിയ വിവരങ്ങളിൽ ഫ്ലോർ ഏരിയയും പെർമിറ്റ് ഫീസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ പെർമിറ്റ് രജിസ്റ്ററിൽ പോസ്റ്റിംഗ് വരുത്തി 2017-2018 സാമ്പത്തിക വർഷം പെർമിറ്റിനായി അപേക്ഷിച്ച എല്ലാ അപേക്ഷകളുടെയും വിവരങ്ങൾ പൂർത്തിയാക്കി പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതും പെർമിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 2-6 ഇ- ടെൻഡറിംഗ് - ടെൻഡർഫോം വില തിരികെ ഈടാക്കിയിട്ടില്ല

തൻവർഷം 17മരാമത്തുപ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ–ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോറവില എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്.ഗ്രാമ പഞ്ചായത്തിന് അർഹമായ ടി തുക തിരികെ ഈടാക്കിയിട്ടില്ല. തൻവർഷം ടെൻഡർഫോം വിലയിനത്തിൽ 427200/-- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവുവന്നിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാത്തപക്ഷം ടി തുക ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. ആയതിനാൽ ടി തുക പഞ്ചായത്തു ഫണ്ടിൽ വരവുവയ്ക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്- പ്രതിവർഷം 3,40,272/- രൂപ നഷ്ടപ്പെടുന്നു

2017-18 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്ക് പരിശോധിച്ചതിൽ ഉപയോഗിക്കാത്ത സാധാരണ ബൾബുകൾക്കും തുക ഒടുക്കിയിട്ടുള്ളതായി കാണുന്നു. ഇലക്ട്രിസിറ്റി ബോർഡിൽനിന്ന് ലഭ്യമാക്കിയ താരിഫ്പ്രകാരം 278 സാധാരണ ബൾബുകൾ

ഉപയോഗിച്ചതായി കണക്കാക്കി പ്രതിമാസം 28,356/- രൂപ നിരക്കിൽ വർഷംതോറും 3,40,272/- രൂപ വൈദ്യുതിചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി. ഡിമാന്റ് നോട്ടീസ് നല്കിയിട്ടുള്ളതും പഞ്ചായത്ത് ടി തുക ഒടുക്കിയിട്ടുള്ളതുമാണ്. ആയതിനാൽ ഉപയോഗിക്കാത്ത സാധാരണ ബൾബുകൾക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും ലക്ഷങ്ങൾ ചെലവഴിക്കുന്ന നടപടി അംഗീകരിക്കത്തക്കതല്ല. സംയുക്തപരിശോധന നടത്തി ബൾബുകളുടെ എണ്ണം തിട്ടപ്പെടുത്തി തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ആയതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-2 കുടിവെള്ള ടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല

കുടിവെള്ളടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 1,30,375/-രൂപ നിരക്കിൽ 2017-2018 സാമ്പത്തിക വർഷം 15,64,500/-സ്ഥാപനം വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായിചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗശൂന്യമായത്, ഉപയോഗയോഗ്യമായത് ഇവ സംബന്ധിക്കുന്ന രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. ആയതിനാൽ ഉപയോഗശൂന്യമായ കുടിവെള്ള ടാപ്പുകൾക്ക് സ്ഥാപനം തുക അടവാക്കുന്നുണ്ടോയെന്ന് അറിയുവാൻ കഴിയുന്നില്ല. ജി. ഒ (ആർ.ടി) 2242/2011 തസ്വഭവ തീ.28.9.11-നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം വാട്ടർ അതോറിറ്റിയുമായിചേർന്ന് കുടിവെള്ള ടാപ്പുകളുടെ സംയുക്തപരിശോധന നടത്തേണ്ടതാണ്. ഇതിൽ അധികൃതരുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-3 പോസ്റ്റ് ഷിഫ്റ്റിംഗ്-ചെലവ് തുക 7591/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ ജയന്തികോളനിയിൽ സ്ഥിതി ചെയ്യുന്ന രണ്ട് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 29-4-17 തീയതിയിലെ 21700060-ാം നമ്പർ വൗച്ചർ പ്രകാരം 7591/- രൂപ കെ.എസ്.ഇ.ബി. ഓച്ചിറ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി പ്രവൃത്തിക്കായി ചെലവഴിച്ച 7591/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

ടി പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 30-07-18 ൽ നൽകിയ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി 7591/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 അനധികൃത കൈയ്യേറ്റം

ക്ലാപ്പന വില്ലേജിൽ 2/85/11 നമ്പർ ഉൾപ്പെട്ട കായൽ പുറമ്പോക്ക് 02.40 ആർ സ്ഥലം ക്ലാപ്പന വില്ലേജിൽ പ്രയാർ തെക്ക് മുറിയിൽ വത്തിയിൽ വീട്ടിൽ ശിവാനന്തൻ ഭാര്യ ലതിക കൈയ്യേറിയിട്ടുള്ളതാണ് എന്ന വിവരം ജനറൽ കമ്മിറ്റി മിനിറ്റ്സ് വ്യക്തമാക്കുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുള്ള അഡീഷണൽ തഹസീൽദാർ, കരുനാഗപള്ളിയുടെ 01.08.16 ലെ കത്ത് കമ്മിറ്റി പരിഗണിച്ചു.കയ്യേറ്റം ഒഴിഞ്ഞ്ഭൂമി പഞ്ചായത്തിന് വിട്ടുനൽകുന്നതിന് നോട്ടീസ് നൽകുന്നതിനും പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനു താലൂക്ക് സർവ്വേയർക്ക് കത്തു നല്കുന്നതിനും സെക്രട്ടറി ചുമതലപ്പെടുത്തി. (19.06.17 ലെ 3(2) തീരുമാനം) എന്നാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമനുസരിച്ച് സെക്രട്ടറി നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. താലൂക്ക് സർവ്വേകൾക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിരുന്നങ്കിലും ആയത് ചെയ്തിട്ടില്ല. കത്ത് കക്ഷിക്ക് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ

20/30.07.2018 ന് ലഭ്യമാക്കിയ മറുപടിയിൽ അനധികൃതകൈയ്യേറ്റം ഒഴിയുന്നതിന് കക്ഷിക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ്. റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് അടിയന്തിരമായി ഭൂമി അളന്നുതിട്ടപ്പെടുത്തി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പ്ലാവ് ഗ്രാമം (വനിത) പദ്ധതി നടത്തിപ്പിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോ നം.83/18 പ്രകാരം ₹ 34250/-(വികസന ഫണ്ട് ) അടങ്കലിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ വനിതാ കർഷകർക്ക് ഗുണ മേന്മയുള്ള പ്ലാവിൻ തൈകൾ വിതരണം ചെയ്യുവാനും ചക്കയിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭങ്ങൾ തുടങ്ങുന്നതിനു സഹായിക്കുന്നതിനും വിഭാവനം ചെയ്യുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 75 ഗുണഭോക്താക്കൾക്ക് പ്ലാവു വാങ്ങിയ വിലയുടെ സബ്സിഡിയായി ₹ 225/-ക്രമത്തിൽ ആകെ ₹ 16875/-(ബിൽ നം 17/17 – 18 /28.03.19) വിതരണം ചെയ്തിട്ടുണ്ട്. ജി ഓ (എം എസ്) 80/17/തസ്വഭവ തീ 03.04.2017 പ്രകാരം പ്രസ്തുത പദ്ധതി പ്രകാരമുള്ള സബ്സിഡി തുക ബാങ്ക് വഴി വിതരണം ചെയ്യുവാൻ പാടില്ല. പകരം തൈകൾ കൃഷിഭവൻ / എക്കോഷോപ്പ് വഴി വിതരണം ചെയ്യുവാനാണ് നിർദേശിക്കുന്നത്.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 07/23.07.18) മുൻ വർഷങ്ങളിൽ കൃഷിഭവൻ വഴി വിതരണം ചെയ്ത തൈകൾക്ക് ഗുണനിലവാരം ഇല്ലായെന്ന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ പരാമർശത്താലും വിത്തുകൾ നേരിട്ടു വാങ്ങുന്ന സംഗതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥ ഗുണനിലവാരം ഉറപ്പാക്കിയാൽ മതിയെന്ന് മേൽ മാർഗ്ഗ രേഖയിൽ പരാമർശിക്കുന്നതിനാലുമാണ് അപ്രകാരം ചെയ്തതെന്ന മറുപടിയാണ് ഹാജരാക്കേണ്ടത്. മാർഗ്ഗ രേഖയിൽ നിന്നു വ്യതിചലിച്ചതിന് വ്യക്തമായ ഉത്തരം ലഭ്യമാക്കിയിട്ടില്ല.

## 3-6 തെരുവ് വിളക്കുകളുടെ പരിപാലനം - നിർദ്ദിഷ്ട മാതൃകയിലുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ സ്ട്രീറ്റ് ലൈറ്റ് മെയിൻന്റനൻസ് എന്ന പ്രോജക്ടിനായി(പ്രോജക്ട് നം. 23/18) ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ 430875/-രൂപയും സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ എന്ന പ്രോജക്ടിന് (പ്രോ നം 22/18) ₹ 369282 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) വകയിരുത്തി പദ്ധതി തയ്യാറാക്കുകയും തഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുമുണ്ട്.

| പദ്ധതിയുടെ പേര് | പിൻവലിച്ച തുക | ബിൽ നം/ തീയതി |
|---|---|---|
| സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ | 351350 | 14/17 – 18/18.08.17 |
| സ്ട്രീറ്റ് ലൈറ്റ് മെയിൻന്റനൻസ് | 18900 | 17/17 – 18/29.08.17 |
| | 18900 | 28/17 – 18/25.11.17 |
| | 89500 | 31/17 – 18/25.11.17 |
| | 42404 | 29/17 – 18/25.11.17 |
| | 48675 | 44/17 – 18/08.02.18 |
| | 171420 | 51/17 – 18/23.03.18 |

| | | |
|---|---|---|
| | 14000 | 57/17 – 18/26.03.18 |

പദ്ധതി സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1. അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 17.8.15 ലെ ജി2-44274/15 നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായോ രേഖകൾ സൂക്ഷിച്ചിട്ടുള്ളതായോ കാണുന്നില്ല. ഗ്രാമ പഞ്ചായത്ത് മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം റിസർവായി കരുതാവുന്നതാണെന്നും പ്രസ്തുത മാർഗ്ഗ രേഖയിൽ വ്യക്തമാക്കുന്നു. എന്നാൽ അത്തരം വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

2. തെരുവ് വിളക്കുകളുടെ എണ്ണം വ്യക്തമാക്കി കെ.എസ്.ഇ.ബി. ഓച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ താരിഫ് ചാർട്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 60 വാട്സിന്റെ 278 എണ്ണം സാധാരണ ബൾബുകൾ പ്രവർത്തികുന്നുണ്ട് എന്നാൽ പ്രസ്തുത ഇനം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി വാങ്ങി നല്കിയിട്ടില്ല .

3. വാർഡ്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചതായോ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് 'രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ്' എന്ന രജിസ്റ്ററിൽ ചേർക്കണമെന്നും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള 'സ്റ്റോക്ക് ഇൻ രജിസ്റ്റർ ' ഉം ' സ്റ്റോക്ക് ഔട്ട് രജിസ്റ്റർ ' ഉം റീക്കൺസൈൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണമെന്നുമുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ചതായോ കാണുന്നില്ല.

4. മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കും പ്രകാരം മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കുകയോ ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം ലഭിമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 15/28.07.2018 നൽകിയതിന് രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും സാധരണ ബൾബുകളുടെ എണ്ണം സംബന്ധിച്ച് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. നിർദിഷ്ട മാതൃകയിലുള്ള രേഖകൾ സൂക്ഷിക്കേണ്ടതും സംയുക്ത പരിശോധന നടത്തി രേഖകൾ ഹാജരാകേണ്ടതുമാണ്.

### 3-7 വിനിയോഗ രേഖകൾ ഹാജരാക്കിയില്ല ₹ 596828/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ സംബന്ധിച്ച വിനിയോഗ രേഖകൾ ഹാജരാക്കിയില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | നിർവഹണ ഉദ്യോഗസ്ഥൻ | തുക നൽകിയത് | നൽകിയ തുക | ബിൽ നം / തീയതി |
|---|---|---|---|---|
| ജീവനം - സൗജന്യ ഡയാലിസിസ് സെന്ററിന് ജില്ലാ പഞ്ചായത്തിനു തുക നൽകൽ | സെക്രട്ടറി | ജില്ലാ പഞ്ചായത്ത് ,കൊല്ലം | 100000 | 56/17 – 18/26.03.18 |

| | | | | |
|---|---|---|---|---|
| (പ്രോ നം 127/18) | | | | |
| ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br><br>(പ്രോ നം 104/18) | സെക്രട്ടറി | കെ എസ് ഇ ബി , ഓച്ചിറ | 296828 | 36/17 – 18/12.01.18 |
| സൈഡ് വീൽ വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിനു തുക കൈമാറൽ<br><br>(പ്രോ നം 105/18) | ഐ സി ഡി എസ് സൂപ്പർവൈസർ | ജില്ലാ പഞ്ചായത്ത് ,കൊല്ലം | 200000 | 09/17 – 18/ 23.01.18 |
| ആകെ | | | **596828** | |

രേഖകൾ ഹാജരാക്കാത്തതിനാൽ ₹ 596828/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 01/20.07.18,നം 15/28.07.18 ) രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാം എന്ന മറുപടിയാണ് ലഭിച്ചത്.

## 3-8 സെർവർ റൂം എ സി പദ്ധതി നടത്തിപ്പിലെ അപാകതകൾ - ₹ 40000/-തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോ നം 170/18 പ്രകാരം ₹ 40000 (തനത് ഫണ്ട്) അടങ്കലിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതി സെർവർ റൂമിലേക്ക് എ സി വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ സുധാകരൻ എന്ന വ്യക്തി എസ് എം ഹോം ഗ്യാലറി , വവ്വാക്കാവ് എന്ന സ്ഥാപനത്തിൽ നിന്ന് ₹ 40000/-(ചെക്ക് നം 8644174/29.03.18) ചെലവിൽ ബ്ലൂ സ്റ്റാർ എ സി വാങ്ങി സ്ഥാപിക്കുകയും ചെയ്തു. പദ്ധതി സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അംഗീകൃത വിതരണക്കാരിൽ നിന്നുള്ള ക്വോട്ടേഷൻ മുഖേനയല്ല വാങ്ങൽ നടത്തിയിരിക്കുന്നത് .ടെണ്ടർ സ്വീകരിച്ച ശ്രീ സുധാകരൻ എന്ന വ്യക്തി ഒരു ഇട നിലക്കാരനായി പ്രവർത്തിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത് .

2. സെർവർ റൂമിൽ നടത്തിയ ഭൗതിക പരിശോധനയിൽ എ സി സ്ഥാപിച്ചതായി കാണുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം 19/30.07.2018) എ . സി മാറ്റി സ്ഥാപിക്കാം എന്ന മറുപടിയാണ് ഹാജരാക്കിയത്. എന്നാൽ എ. സി എവിടെയാണ് നിലവിൽ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടില്ല. അതിനാൽ എ . സി മാറ്റി സ്ഥാപിക്കുന്നത് വരെ ഈ ഇനത്തിൽ ചെലവായ 40,000/- തടസ്സത്തിൽ വയ്ക്കുന്നു. കൂടാതെ മാറ്റി സ്ഥാപിക്കുന്നതിനായി ചെലവായിക്കുന്ന തുക ഗ്രാമപഞ്ചായത്ത് വഹിയ്ക്കുവാൻ പാടില്ല.

## 3-9 എ.ഇ, വി ഇഒ ഓഫീസ് , കോൺഫറൻസ് ഹാൾ പുനരുദ്ധാരണം--അപാകതകൾ

പ്രോജ നം – 152/18

അടങ്കൽ തുക – 495000

കോൺട്രാക്ടർ – ഷാനവാസ്

എഗ്രീ നം -തീ -4/ae/lsgd/17-18 തീയതി 15-12-17

ഫൈനൽ ബിൽ നം-തീയതി- 2 5/17-18തീയതി 26-2-18

പ്രസ്തുത പദ്ധതിയിലെ വിവിധ മെയിന്റനൻസ് പ്രവൃത്തികളിൽ പഞ്ചായത്ത് ഓഫീസിന്റെ മുൻഭാഗത്ത് രണ്ടാം നിലയിൽ ഉണ്ടായിരുന്ന ഷീറ്റ് മാറ്റി അലൂമിനിയം ഷീറ്റ് ഇടുന്നതും ഉൾപ്പെടുത്തിയിരുന്നു. മുൻപുണ്ടായിരുന്നഷീറ്റ്

വെള്ളം കെട്ടിക്കിടന്ന് ഷീറ്റ് നശിക്കുകയും ചോർച്ചഉണ്ടാകുകയും ചെയ്തതിനാലാണ് പുതിയ ഷീറ്റ് സ്ഥാപിക്കുന്നത് എന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് എന്നാൽ ഇപ്പോൾ ചെയ്ത പ്രവൃത്തിയിൽ പഴയ ഫ്രെയിമിൽ തന്നെ വീണ്ടും

ഷീറ്റ് സ്ഥാപിച്ചതിനാൽ ഇപ്പോഴും ചോർന്ന് ഒലിക്കുന്ന അവസ്ഥയാണ്. ഈ കൂരയ്ക്ക് അടിയിൽ സജീകരിച്ചിട്ടുള്ള സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരുടെ താത്കാലിക ക്യാബിനുകൾ ചോർന്ന് ഒലിച്ച് ഉപയോഗശൂന്യമായിക്കിടക്കുന്നു. ഈ ഇനം പ്രവർത്തിയ്ക്ക് മാത്രം 57875/- രൂപ കോൺട്രാക്ടർക്ക് നല്കിയെങ്കിലും ഇതിന്റെ പ്രയോജനം ലഭിക്കാത്തതിനാൽഇത് ഒരു പാഴ്ചെലവായി ആഡിറ്റ് വിലയിരുത്തുന്നു.അടിയന്തിരമായി ടി ഹാളിന്റെ ചോർച്ച ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതു എത്രയും വേഗം ഇതു പരിഹരിച്ച് ആദ്യ മറുപടിയിൽത്തന്നെ അറിയിക്കേണ്ടതുമാണ്.

## 3-10 പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്തതും, മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതുമായ പദ്ധതികൾ നടപ്പിലാക്കി.

(1) പദ്ധതിയുടെ പേര് പ്രസവശുശ്രൂഷ (ആയൂർവേദം)

(എസ്.ഒ. 109/2018)

അടങ്കൽ 3,00,000/-

നിർവ്വഹണം മെഡിക്കൽ ഓഫീസർ, ആയൂർവേദം

ഫണ്ട് (വികസനഫണ്ട് ,പൊതുവിഭാഗം,സാധാരണവിഹിതം)

ബിൽ നമ്പർ തുക 60/2017-18 തീയതി 16.02.2018 200000/-

ബിൽ നമ്പർ തുക 64/2017-18 തീയതി 15.03.2018 100000/-

പഞ്ചായത്ത് പരിധിയിൽ താമസിക്കുന്നതും പ്രസവവിവരം 45 ദിവസത്തിനുള്ളിൽ അറിയിക്കുന്നതുമായ സ്ത്രീകൾക്ക് ആവശ്യമായ മരുന്നു വിതരണം ചെയ്യുക എന്നതാണ് സേവനമേഖലയിൽ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് ഉദ്ദേശിച്ചിട്ടുള്ളത്

സ.ഉ(എം.എസ്)നമ്പർ80/2017/തസ്വഭവ.03.04.2017 പ്രകാരം 12.4 പ്രകാരം സമഗ്ര ആരോഗ്യ പരിപാടിയിൻ കീഴിൽ ആരോഗ്യസ്ഥാപനങ്ങൾ വഴി രോഗപ്രതിരോധമരുന്നുകൾ എല്ലാ വിഭാഗക്കാർക്കും ലഭ്യമാക്കേണ്ടതാണ് എന്നാണ് പറയുന്നത്. പ്രത്യേക വിഭാഗങ്ങൾക്കായി ഇപ്രകാരം പദ്ധതി നടപ്പിലാക്കാൻ പാടില്ല.

10.07.2018 ലെ ഇൻവോയ്സ് നമ്പർ 900725530പ്രകാരം 73273/-രൂപയുടെ മരുന്നു മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. എന്നാൽ മരുന്നുവിതരണം നാളിതുവരെ ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ചു നൽകിയ

ഓഡിറ്റ് എൻക്വയറി നമ്പർ10/25.07.2018 ന് 26.07.18 ന് ലഭിച്ച മറുപടിയിൽ പ്രസവാനന്തരശുശ്രൂഷ എന്ന പ്രസ്തുത പദ്ധതി അംഗൻവാടി വഴി ചെയ്യുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും അംഗൻവാടികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ത.സ്വ.ഭ.വ സ്ഥാപനത്തിലെ ഗർഭിണികൾക്ക് അവരുടെ പ്രസവശേഷം ആരോഗ്യസംരക്ഷണത്തിനുതകുന്ന മരുന്നുകൾ ഡിസ്പെൻസറി വഴി നൽകുമെന്നുമാണ്. എന്നാൽ എല്ലാ വിഭാഗങ്ങളിലും ഉൾപ്പെട്ടവർക്കുവേണ്ടി ഒരൊറ്റ പ്രോജക്ട് നടപ്പിലാക്കുന്നതിനേക്കാൾ ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുക വിവിധ പ്രോജക്ടുകൾക്ക് രൂപം നല്കി നടപ്പിലാക്കുന്നതുവഴിയാണ് എന്നതാണ്.വിശദീകരണം തൃപ്തികരമല്ല. ശേഷിക്കുന്ന മരുന്ന ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമായ മരുന്ന വിതരണം ചെയ്യേണ്ടതുമാണ്.

(2) പദ്ധതിയുടെ പേര് വൃദ്ധർക്ക് മരുന്നുവാങ്ങൽ(ആയുർവേദം)

(എസ്.ഒ 154/2018)

അടങ്കൽ 254000/- (വികസനഫണ്ട്)

ബിൽനമ്പർ തുക 50/2017-18 തീയതി 16.01.2018,254000/-

ഭരണാനുമതി നമ്പർ/തീയതി 17(1) 6.11.2017

പ്രസ്തുത പ്രോജക്ടിനായി വകയിരുത്തിയ തുകയിൽ 222645/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്.മരുന്നുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ വിതരണം ആരംഭിച്ചിട്ടില്ല.സ.ഉ.(എം.എസ്.)നമ്പർ 80/2017/ത.സ്വ.ഭ.വ,തീയതി 03.04.2017 12.4 പ്രകാരം വൃദ്ധർക്ക് മരുന്നുകിറ്റ്, കമ്പിളി, (ഇടുക്കി/വയനാട് ജില്ലകളിലെ ഉയർന്ന പ്രദേശങ്ങൾ ഒഴികെ)ഊന്നുവടി, കസേര മുതലായവ അനുവദനീയമല്ല.ഓഡിറ്റ് എൻക്വയറി നമ്പർ 12/25.07.2018 ന് 26.07.18ന് ലഭ്യമാക്കിയ മറുപടിയിൽ വൃദ്ധർക്ക് എല്ലാ ദിവസവും ഡിസ്പെൻസറിയിൽ വരാൻ കഴിയാത്തതിനാൽ 3 ആഴ്ചയിലൊരിക്കൽ മരുന്ന നല്കുന്നതിന് പ്രസ്തുത പദ്ധതി നടപ്പിലാക്കിയെന്നാണ്. പ്രത്യേക വിഭാഗങ്ങൾക്കായി മാത്രം ഇപ്രകാരം പ്രോജക്ട് നടപ്പിലാക്കാൻ പാടില്ല എന്നതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല.
മേൽ പദ്ധതികൾക്കായി വാങ്ങിയ മരുന്നുകളുടെ വിതരണം നടത്തി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

അന്തിമ പദ്ധതിരേഖയിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതികൾ ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികളല്ല.17-18 വികസനരേഖയിൽ ഉൾപ്പെടുകയോ ആയതിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പ്,ഗ്രാമസഭ തലത്തിൽ ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല.

ഭരണസമിതി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളെകൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്.ഓരോ പ്രോജക്ടിന്റേയും യുക്തി,ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്തു ഉറപ്പുവരുത്തണം.കൂടാതെ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക രൂപം നൽകേണ്ടതും,അപ്രകാരമാണ് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളതെന്നു ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കേണ്ടതുമാണ് എന്ന്പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പിലോ സ്റ്റാന്ററിംഗ് കമ്മിറ്റി യോഗങ്ങളിലോ ഇത്തരമൊരു രീതിയിൽ പ്രസ്തുത പദ്ധതികളെ സമീപിച്ചിട്ടില്ല എന്നതും, ജില്ലാ ആസൂത്രണസമിതി വേണ്ട വിധത്തിൽ മേൽ വിഷയത്തിൽ ശ്രദ്ധ ചെലുത്തിയിട്ടില്ല എന്നതും ഇപ്രകാരം നിയമസാധുത ഇല്ലാത്ത പദ്ധതികൾ നടപ്പിലാക്കാൻ കാരണമാകുന്നു എന്ന ഓഡിറ്റ് വിലയിരുത്തുന്നു.മാർഗരേഖയിൽ

പ്രതിപാദിക്കാത്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്.

3-11 മെഡിക്കൽ ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായ മരുന്നുവാങ്ങൽ പദ്ധതി-മരുന്നുകൾ ലഭ്യമല്ല.

| പ്രോജക്ടിന്റെ വിവരം | മരുന്നു വാങ്ങുന്നതിനായി നിക്ഷേപിച്ച തുക, | ബിൽ നം, തീയതി | ലഭിച്ച മരുന്നുകളുടെ വില | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|
| പി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങൽ 05/18(MGNR) 300000/- | 300,000 | 3/11-10-17 | 186923 | 113077 |
| പാലിയേറ്റീവ് കെയർ, പ്രോജക്ട് നം 48/18,(so) വികസനഫണ്ട് | 36,975 | 4/24-10-17 | 21039 | 15936 |
| പാലിയേറ്റീവ് കെയർ, പ്രോജക്ട് നം 72/18, വികസനഫണ്ട് | 4,50,000 | 6/14-12-17 | 160153- | 289847 |
| | | | ആകെ | 418860 |

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്, കൊല്ലം | 2017/18 | 4,00,000 | 143/18- അംഗൻവാടി കെട്ടിടനിർമ്മാണം, വാർഡ്-6 | 0 | 4,00,000 |
| ജില്ലാപഞ്ചായത്ത്, കൊല്ലം | 2017/18 | 4,00,000 | 143/18- അംഗൻവാടി കെട്ടിടനിർമ്മാണം, | 0 | 4,00,000 |

| | | | | | |
|---|---|---|---|---|---|
| | | | വാർഡ്-5 | | |
| ജില്ലാപഞ്ചായത്ത്, കൊല്ലം | 2017/18 | 3,00,000 | 40/18-അനുപൂരക പോഷകാഹാര പരിപാടി | 3,00,000 | 0 |
| ജില്ലാപഞ്ചായത്ത്, കൊല്ലം | 2017/18 | 58,500 | 41/18-ശാരീരിക മാനസിക വെല്ലുവിളികളുള്ള കുട്ടികളുടെ സ്കോളർഷിപ്പ്. | 58500 | 0 |
| ജില്ലാപഞ്ചായത്ത്, കൊല്ലം | 2017/18 | 1,00,000 | 04/18- പാലിനു സബ്സിഡി | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2017/18 | 3,00,000 | 40/18 അനുപൂരക പോഷകാഹാര പരിപാടി | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2017/18 | 6,00,000 | 04/18-പാലിനു സബ്സിഡി | 6,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2017/18 | 2,00,000 | 72/18-പാലിയേറ്റീവ് കെയർ | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2017/18 | 55,000 | 41/18-ശാരീരിക മാനസിക വെല്ലുവിളികളുള്ള കുട്ടികളുടെ സ്കോളർഷിപ്പ്. | 55,000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 104/18-ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 21700854 | 2,96,828 | 2,96,828 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഇല്ല.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വിവരം ലഭ്യമല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | :6,49,16,357 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :4,82,73,067 |
| വരവിനങ്ങളിലുള്ള നഷ്ടം | : 690 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :6,44,419. |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 7591 | ജി രാധാകൃഷ്ണൻ , സെക്രട്ടറി |
| 3-7 | 1,00,000 | സുശീന്ദ്രൻ, സെക്രട്ടറി |
| 3-7 | 2,96,828 | സുശീന്ദ്രൻ, |

| | | |
|---|---|---|
| | | സെക്രട്ടറി |
| 3-7 | 2,00,000 | ലില്ലിക്കുട്ടി എെ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-8 | 40,000 | സുശീന്ദ്രൻ, സെക്രട്ടറി- |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|
| 1 | ജി രാധാകൃഷ്ണൻ , സെക്രട്ടറി | പായിക്കാട്ടുശേരിൽ, പ്രയാർസൗത്ത്, പ്രയാർ പി.ഒ ആലപുഴ ജില്ല. |
| 2 | സുശീന്ദ്രൻ, സെക്രട്ടറി- | അശോകം അമ്പലത്തുംഭാഗം, കൊല്ലം ജില്ല. |
| 3 | ലില്ലിക്കുട്ടി, എെ.സി.ഡി.എസ് സൂപ്പർവൈസർ | ശാന്തിനിവാസ്, അരിനല്ലൂർ പി.ഒ തേവലക്കര, കൊല്ലം ജില്ല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.-കെ. എൽ.എം./പി 8/381/18 തീയതി-27/04/18 | 4 |

| | | |
|---|---|---|
| 1998-99 | കെ.എസ്.എ.-കെ.<br>എൽ.എം./പി 8/381/18<br>തീയതി-27/04/18 | 3 |
| 1999-00 | കെ.എസ്.എ.-കെ<br>.എൽ.എം./പി 8/381/18<br>തീയതി-27/04/18 | 3 |
| 2000-01 | കെ.എസ്.എ.-കെ.<br>എൽ.എം./പി 8/381/18<br>തീയതി-27/04/18 | 7 |
| 2001-02 | കെ.എസ്.എ.-കെ.<br>എൽ.എം./പി 8/381/18<br>തീയതി-27/04/18 | 4 |
| 2002-03 | കെ.എസ്.എ.-കെ.<br>എൽ.എം./പി 8/381/18<br>തീയതി-27/04/18 | 3 |
| 2003-04 | കെ.എസ്.എ.-കെ.<br>എൽ.എം./പി 8/381/18<br>തീയതി-27/04/18 | 2 |
| 2004-05 | കെ.എസ്.എ.-കെ.<br>എൽ.എം./പി 8/381/18<br>തീയതി-27/04/18 | 6 |
| 2005-06 | കെ.എസ്.എ.-കെ.<br>എൽ.എം./പി 8/381/18<br>തീയതി-27/04/18 | 3 |
| 2006-07 | എൽ.എഫ്.ക്യൂ.<br>പി2/1182(8)14<br>dt.12-06-2014 | 8 |
| 2007-08 | എൽ.എഫ്.ക്യൂ.പി2/1182(9)14 dt.12-06-2014 | 10 |
| 2008-09 | എൽ.എഫ്.ക്യൂ.<br>പി2/1182(10)14 dt.12-06-2014 | 9 |
| 2009-10 | എൽ.എഫ്.ക്യൂ.<br>പി2/1182(11)14<br>dt.12-06-2014 | 8 |
| 2010-11 | എൽ.എഫ്.ക്യൂ.<br>പി2/1182(12)14<br>dt.12-06-2014 | 7 |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.ക്യൂ. പി2/630/14 dt.27-03-2014 | 8 |
| 2012-13 | എൽ.എഫ്.ക്യൂ. പി2/1163/14 dt.17-11-2014 | 7 |
| 2013-14& 2014-15 | എൽ.എഫ്.ക്യൂ. പി2/231/16 dt.15-2-16 | 8 |
| 2015-16 | കെ.എസ്.എ.കെ. എൽ.എം.പി 8-1823/16 25.10.17 | 8 |
| 2016-2017 | കെ.എസ്.എ.കെ. എൽ.എം.പി 8-1751/17 09.04.18 | 7 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

<u>അനുബന്ധം -1.</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.കെ.എൽ.എം.പി8 1485/18 തീയതി : 4.10. 2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ചലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ക്ലാപ്പന ഗ്രാമ പഞ്ചായത്ത് **2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ക്ലാപ്പന ഗ്രാമപഞ്ചായത്ത് **2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം